(ഡി) ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി ആവശ്യമായ തുക എത്രയെന്ന് വിശദമാക്കാമോ?

സാമ്പത്തികാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി 52,352.25 കോടി രൂപ ആവശ്യമായി വരും.

(ഇ) ഇപ്പോൾ കിഫ്ബി ഫണ്ടിൽ എത്ര രൂപയാണ് നീക്കിയിരിപ്പുള്ളതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ഫണ്ടിൽ 85,23,75,69,320.12 രൂപ നീക്കിയിരിപ്പുണ്ട്.

തങ്കളം-കാക്കനാട് റോഡ് നിർമ്മാണം

26(289) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ബഡ്ജറ്റുകളിലായി 67 കോടി രൂപ അനുവദിച്ചിട്ടുള്ള തങ്കളം-കാക്കനാട് റോഡ് നിർമ്മാണ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിക്കുന്ന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് അതത് പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി.) കിഫ്ബിയിൽ സമർപ്പിക്കുകയും അവ അവലോകനം നടത്തി അവയിൽ ന്യൂനതകൾ കണ്ടെത്തിയാൽ കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമാക്കുന്നതിനായി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക് നൽകുകയും ചെയ്യുന്നു. അതിൻപ്രകാരം വിശദമായ പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി എസ്.പി.വി. കിഫ്ബിക്ക് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി ടി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുമ്പാകെ സമർപ്പിച്ച് പദ്ധതികൾക്ക് ധനാനുമതി നൽകുന്നു. തങ്കളം-കാക്കനാട് റോഡ് പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ അവലോകനത്തിലാണ്. ടി പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ട് ഉടൻതന്നെ എസ്.പി.വി.-ക്ക് നൽകുന്നതാണ്. അവലോകനം ദ്രുതഗതിയിൽ നടത്തി മേൽപറഞ്ഞിരിക്കുംപ്രകാരം ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ധനാനുമതി നൽകിയതിനുശേഷം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കേണ്ടത് പദ്ധതിയുടെ എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുകയുടെ ഡി.പി.ആർ. ആണ് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തങ്കളം-കാക്കനാട് റോഡ് പദ്ധതിക്ക് 255 കോടി രൂപയുടെ ഡി.പി.ആർ. ആണ് എസ്.പി.വി. സമർപ്പിച്ചിരിക്കുന്നത്.

(സി) പ്രസ്തുത ഡി.പി.ആർ.-ന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ഡി) റോഡ് നിർമ്മാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ;

(ഇ) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി റോഡ് നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി-ഇ) സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിക്കുന്ന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് അതത് പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി.) കിഫ്ബിയിൽ സമർപ്പിക്കുകയും അവ അവലോകനം നടത്തി അവയിൽ ന്യൂനതകൾ കണ്ടെത്തിയാൽ കിഫ്ബി മാനദണ്ഡങ്ങൾ ക്രമപ്രകാരമാക്കുന്നതിനായി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക് നൽകുകയും ചെയ്യുന്നു. അതിൻപ്രകാരം വിശദമായ പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി എസ്.പി.വി. കിഫ്ബിക്ക് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി ടി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുമ്പാകെ സമർപ്പിച്ച് പദ്ധതികൾക്ക് ധനാനുമതി നൽകുന്നു. തങ്കളം-കാക്കനാട് റോഡ് പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ അവലോകനത്തിലാണ്. ടി പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ട് ഉടൻതന്നെ എസ്.പി.വി.-ക്ക് നൽകുന്നതാണ്. അവലോകനം ദ്രുതഗതിയിൽ നടത്തി മേൽപ്പറഞ്ഞിരിക്കുംപ്രകാരം ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ധനാനുമതി നൽകിയതിനുശേഷം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കേണ്ടത് പദ്ധതിയുടെ എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡാണ്.

കിഫ്ബി പരിശോധന

27(290) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്ററിന്റെ കിഫ്ബി പരിശോധന പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;